മാക്രോ മാനേജ്മെന്റ് പദ്ധതികൾ

| | | |
|---|---|---|
| 1. | നെൽകൃഷി വികസനം | 1500 |
| 2. | കുരുമുളക് കൃഷിവികസനം | 500 |
| 3. | ഇഞ്ചി, മഞ്ഞൾ, വാനില തുടങ്ങിയവയുടെ വികസനം | 100 |
| 4. | കശുമാവ് കൃഷി വികസനം | 400 |
| 5. | പച്ചക്കറികൃഷി വികസനം | 200 |
| 6. | ഫലവർഗ്ഗവിളകളുടെ വികസനം | 200 |

2001-2002, 2002-2003 സാമ്പത്തിക വർഷങ്ങളിൽ വിവിധ വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു. (രൂപ ലക്ഷത്തിൽ)

| | പദ്ധതി | 2001-2002 | 2002-2003 |
|---|---|---|---|
| 1. | നെൽകൃഷി വികസന പരിപാടികൾ | 3068.47 | 3727.49 |
| 2. | നാളികേര വികസനം | 1232.82 | 2586.82 |
| 3. | കശുമാവ് കൃഷി വികസനം | 343 | 371.01 |
| 4. | കുരുമുളക് കൃഷി വികസനം | 470.28 | 366.25 |
| 5. | പച്ചക്കറി വികസനം | 598.53 | 377.75 |

(ഇ) സംസ്ഥാന കൃഷി വകുപ്പിന്റെ മൊത്തം പ്രവർത്തനങ്ങൾക്കായി 2002-2003 വർഷത്തിൽ പദ്ധതിയിനത്തിൽ 12047.86 ലക്ഷം രൂപയും പദ്ധതിയിതരയിനത്തിൽ 10328.09 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

**കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി വിപുലീകരിക്കുന്നതിന് നടപടികൾ**

**69 (1864)** ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി വിപുലീകരിക്കുന്നതിനും കർഷകർക്ക് സ്ഥിരം ആദായം ലഭ്യമാക്കുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കാർഷിക കയറ്റുമതി മേഖലയുടെ ചെലവ് എത്രകോടി രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണ് ;

(സി) ഏതൊക്കെ ജില്ലകളിലാണ് കാർഷിക കയറ്റുമതി മേഖല രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാർഷിക കയറ്റുമതിമേഖലയുടെ രൂപീകരണത്തിന് സ്വകാര്യ മേഖലയുടെ പങ്കാളിത്തം പ്രയോജനപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. പച്ചക്കറികൾ, കൈതച്ചക്ക, വാഴപ്പഴം എന്നിവയ്ക്കായി കാർഷിക കയറ്റുമതി മേഖല 2003 മാർച്ചിൽ നിലവിൽ വന്നു.

(ബി) കാർഷിക കയറ്റുമതി മേഖലയുടെ ചെലവിന് 29.87 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾ ഉൾപ്പെടുത്തിയാണ് വാഴ, പച്ചക്കറികൾ, കൈതച്ചക്ക എന്നിവയ്ക്കായി കാർഷിക കയറ്റുമതി മേഖല രൂപീകരിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ) ആകെ 29.87 കോടി രൂപയുടെ പദ്ധതിക്ക് സ്വകാര്യ നിക്ഷേപമായി 11.81 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

1. പഴം -പച്ചക്കറി വിളകളുടെ വിസ്തൃതി വ്യാപിപ്പിക്കുന്നതിനായി ആകെ 300 ലക്ഷം രൂപ കണക്കാക്കുന്നു. ഇതിനായി കേന്ദ്ര സർക്കാർ 150 ലക്ഷം രൂപ അനുവദിക്കുന്നതാണ്. സ്വകാര്യ പങ്കാളിത്തത്തോടു കൂടി 150 ലക്ഷം രൂപ സ്വരൂപിക്കുന്നതാണ്.

2. വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിനായി പത്തു ഹെക്ടർ വീതമുള്ള യൂണിറ്റുകളായി 50 ഫാമുകൾ, യൂണിറ്റ് ഒന്നിന് 12 ലക്ഷം രൂപ നിരക്കിൽ 600 ലക്ഷം രൂപ ആകെ ചെലവിൽ, 100 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവും, 125 ലക്ഷം രൂപ കേന്ദ്ര സർക്കാർ വിഹിതവും ബാക്കി 375 ലക്ഷം രൂപ സ്വകാര്യ വിഹിതവുമാണ്.

3. ആധുനിക സൗകര്യങ്ങളോടെ സ്ഥാപിക്കുന്ന 9 ലക്ഷം നഴ്സറികൾക്ക് വേണ്ടിവരുന്ന 180 ലക്ഷം രൂപയിൽ 45 ലക്ഷം രൂപ കേന്ദ്ര സർക്കാർ വിഹിതവും 135 ലക്ഷം രൂപ സ്വകാര്യ മുതൽ മുടക്കായി സ്വരൂപിക്കും.

4. കാർഷിക കയറ്റുമതി മേഖലയിൽ സ്ഥാപിക്കുന്ന 10 സംഭരണ കേന്ദ്രങ്ങൾക്ക് ആകെ വേണ്ടിവരുന്ന 150 ലക്ഷം രൂപയിൽ കേന്ദ്ര വിഹിതം 75 ലക്ഷം രൂപയും ബാക്കി 75 ലക്ഷം രൂപ സ്വകാര്യ മുതൽ മുടക്കായി സ്വരൂപിക്കും.

LIBRARY ARCHIVES Kerala Legislative Assembly

5. കാർഷിക കയറ്റുമതി മേഖലയിൽ സ്ഥാപിക്കുന്ന നാല് സംയോജിത പായ്ക്ക് ഹൗസുകൾക്കുവേണ്ടി വരുന്ന 600 ലക്ഷം രൂപയിൽ 160 ലക്ഷം രൂപ കേന്ദ്രസർക്കാരും, സംസ്ഥാന സർക്കാർ 187.50 ലക്ഷം രൂപയും 252.50 ലക്ഷം രൂപ സ്വകാര്യസംരംഭകരിൽ നിന്ന് സ്വരൂപിക്കും.

6. ആധുനിക ബനാന ബഫർ യൂണിറ്റിന് 150 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ കേന്ദ്രവിഹിതവും 100 ലക്ഷം സ്വകാര്യ വിഹിതവും

7. ശീതീകരണ സംവിധാനമുള്ള 8 റീഫർ ട്രക്കുകൾ വാങ്ങുന്നതിനുള്ള 96 ലക്ഷം രൂപയിൽ 25 ലക്ഷം കേന്ദ്ര വിഹിതവും 71 ലക്ഷം രൂപ സ്വകാര്യ നിക്ഷേപവുമാണ്.

8. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിലേക്ക് അന്തർദ്ദേശീയ നിലവാരമുള്ള പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിലേക്കായി 45 ലക്ഷം രൂപ അടങ്കൽ തുകയിൽ 22.50 ലക്ഷം രൂപ കേന്ദ്രസർക്കാർ വിഹിതവും 22.5 ലക്ഷം രൂപ സ്വകാര്യ നിക്ഷേപവുമാണ്.

## സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്

**70 (1865)** ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചതിനുശേഷം സർക്കാർ കാർഷികമേഖലയിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് നടപടിക്കുവേണ്ടി എന്തെല്ലാം വസ്തുതകൾ കേന്ദ്രഗവൺമെന്റിനെ അറിയിക്കുകയുണ്ടായി ;

(സി) കമ്മീഷന്റെ പ്രമുഖ ശുപാർശകളിൻമേൽ ഇനിയും നടപടികൾ ഒന്നും എടുക്കാൻ സാധിക്കാതിരുന്നത് ഏതിലെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) കമ്മീഷന്റെ ഏതെങ്കിലും ശുപാർശ നടപ്പിലാക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ഇ) ഏതെങ്കിലും ശുപാർശകളിൻമേൽ വിദഗ്ദ്ധ പരിശോധന ഇനിയും വേണമെന്ന് സർക്കാർ കരുതുന്നുണ്ടോ ?

### ഉത്തരം

(എ) ഡോ. സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ താഴെ പറയുംപ്രകാരം നടപടികൾ സ്വീകരിച്ചു:

1. ശുപാർശകൾ പരിശോധിച്ച് നടപടികൾ നിർദ്ദേശിക്കുന്നതിനും മോണിട്ടർ ചെയ്യുന്നതിനും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതാധികാര കമ്മിറ്റി രൂപീകരിച്ച് സിറ്റിംഗ് നടത്തി.

LIBRARY ARCHIVES Kerala Legislative Assembly